**14-ാം കേരള നിയമ സഭ**

**5-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 298** **25.04.2017-ൽ മറുപടിയ്ക്ക്**

# സ്വാശ്രയ മെഡിക്കൽ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.എ.ആരിഫ് :**<br>**ശ്രീ. ഐ.ബി.സതീഷ് :**<br>**ശ്രീ. എം. സ്വരാജ് :**<br>**ശ്രീ.പി.റ്റി.എ. റഹീം :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ ; | (എ) NEET-UG 2017-ലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും, കേരളത്തിലെ മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്നതുമായ വിദ്യാർത്ഥികളിൽ നിന്നും സംസ്ഥാന റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട് |
| (ബി) മെഡിക്കൽ പ്രവേശന കാര്യത്തിൽ സുപ്രീംകോടതി വിധിയിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; | (ബി) ബഹു:സുപ്രീം കോടതിയുടെ വിധിയനുസരിച്ച് രാജ്യത്തെ മെഡിക്കൽ/ഡെന്റൽ പ്രവേശനം ഏകീകൃത പ്രവേശന പരീക്ഷയായ നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET-UG)-ലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കണം |
| (സി) ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും, ഏകീകൃത ഫീസ് ഈടാക്കുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ അധ്യയനം മുടക്കാതിരിക്കുന്നതിന് അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗമെന്തെന്നും അറിയിക്കാമോ ? | (സി) 10/04/2017 തീയതിയിലെ 4246/Leg.H1/2017/ Law വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2017 ലെ 6-ാം നമ്പർ ഓർഡിനൻസിലെ 11-ാം വകുപ്പിൽ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കിയിട്ടുള്ളത് സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം, മെഡിക്കൽ കോഴ്സിന്റെ സ്വഭാവം, ഭൂമിയുടെയും കെട്ടിടത്തിന്റെയും വില, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ/ അധ്യാപക അനധ്യാപക ജീവനക്കാർ/ ഉപകരണങ്ങൾ, മെഡിക്കൽ സ്ഥാപനത്തിന്റെ |

ഭരണ നിർവ്വഹണത്തിനും പരിപാലനത്തിനുമുള്ള ചെലവുകൾ, മെഡിക്കൽ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വേണ്ട ന്യായമായ അധിക തുക, ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ എന്നിവയാണ്. ഏകീകൃത ഫീസ് ഈടാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല

**സെക്ഷൻ ഓഫീസർ**